മോട്ടോർ കോംപ്രിഹെൻസീവ് ഇൻഷ്വറൻസ്

29. [1810] ശ്രീമതി എൻ. കെ. രാധ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് വകുപ്പ് കോഴിക്കോട് ജില്ലാ ആഫീസിൽ നിന്ന് 1994-95 വർഷത്തിൽ മോട്ടോർ കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് ഇനത്തിൽ എത്ര രൂപയുടെ പ്രീമിയം ശേഖരിച്ചിട്ടുണ്ട് ;

(ബി) ഈ ആഫീസിൽ നിന്നും ഈ വർഷത്തിൽ ഈ ഇനത്തിൽ നൽകിയ നഷ്ടപരിഹാരതുക എത്ര ;

(സി) കെ. എൽ. 11 എ 6881 എന്ന വാഹനത്തിന് ഈ ആഫീസിൽ നിന്നും 1994-95 വർഷങ്ങളിൽ എത്ര രൂപ നഷ്ട പരിഹാരം നൽകിയിട്ടുണ്ട് ;

(ഡി) പ്രസ്തുത വാഹനത്തിന് 1994 ഒക്ടോബറിൽ എത്ര രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടിരുന്നു ; അതിൽ എത്ര രൂപ അനുവദിച്ചു ;

(ഇ) ഈ വാഹനത്തിന് നഷ്ടപരിഹാരം അനുവദിച്ചതിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഈ ആക്ഷേപത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇത് സംബന്ധിച്ച് ക്രമക്കേട് നടന്നിട്ടുണ്ടെന്നും അതിന് ഉത്തരവാദികളായവരെ ശിക്ഷിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(എച്ച്) എങ്കിൽ അതിൻമേൽ ഇൻഷ്വറൻസ് വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 38,12,350 രൂപയുടെ
(ബി) 20,74,660 രൂപ
(സി) 90,550 രൂപ
(ഡി) 3, 64,510 രൂപ ഇതിൽ 72,550 രൂപ അനുവദിച്ചു.
(ഇ) ഇല്ല.
(എഫ്) ബാധകമല്ല.
(ജി) ഇല്ല.
(എച്ച്) ബാധകമല്ല.

മോട്ടാർ ആക്സിഡൻറ് ക്ലെയിം ഇനത്തിൽ അനുവദിച്ച നഷ്ടപരിഹാര തുക

30 [1811] ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-95 എന്നീ വർഷങ്ങളിൽ വാഹനങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര ഇനത്തിൽ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ നിന്ന് എന്ത് തുക നൽകിയിട്ടുണ്ട് ;

(ബി) ഈ വർഷങ്ങളിൽ പ്രീമിയം ഇനത്തിലുള്ള വരുമാനം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1994-95 സാമ്പത്തിക വർഷത്തിൽ 69,93,393 രൂപ നൽകിയിട്ടുണ്ട് ;

(ബി) 1994-95 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിലെ വരവ് 1,67,98,375 രൂപയാണ്.

കയർ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ

31. [1812] ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) കയർഫെഡ്, ഫോം മാറ്റിംഗ്സ് കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ എത്ര കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങളാണ് കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു ഹൈലവൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല. താമസിയാതെ ലഭിക്കുമെന്നാണ് പ്രതീക്ഷ.

(സി) കയർഫെഡിൽ 3 കോടി രൂപയുടേയും ഫോം മാറ്റിംഗ്സ് (ഇൻഡ്യ)യിൽ 50 ലക്ഷം രൂപയുടേയും കയർ സഹകരണ സംഘങ്ങൾ ഏകദേശം 2 കോടി രൂപയുടേയും കയറും കയറുൽപ്പന്നങ്ങളും സാധാരണ നിലവിലുള്ള സ്റ്റോക്കിനുപുറമേ കെട്ടിക്കിടക്കുന്നുണ്ട്.

കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

32. [1813] ശ്രീ. സി. കെ. സദാശിവൻ :
,, വി. കേശവൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സംവിധാനം ഇല്ലാതാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഗുണ നിലവാര പരിശോധനാ സംപ്രദായം ഒഴിവാക്കിയതിനെ തുടർന്ന് ഗുണനിലവാരമില്ലാത്ത കയറുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly